# ഒരു സ്നാനക്കാര്യം .........

ചെറിയാൻ മാത്യു, നാലുന്നാക്കൽ

രാവിലെ ഇറങ്ങിയതാണ് ...എറണാകുളത്തിന് പോകാൻ...റയിൽവേ സ്റ്റേഷനിൽ ട്രെയിൻ കാത്ത് നിൽക്കുമ്പോൾ പിന്നിൽനിന്ന് ഒരു വിളി... തിരിഞ്ഞുനോക്കി...ഒരു പഴയ സുഹൃത്ത്..

ങ്ങാ..എന്നാ ഉണ്ട് വിശേഷങ്ങൾ.?
സ്വതസിദ്ധമായ കോട്ടയം ശൈലിയിൽ പഴയകൂട്ടുകാരനെ കണ്ട സന്തോഷത്തിൽ ചോദിച്ചു..

സുഖം..സഹോദരൻ എങ്ങോട്ടാ?..

സംസാരശൈലിയിൽ ഒരു മാറ്റം ശ്രദ്ധിച്ച ഞാൻ ചോദിച്ചു..
എന്താടോ ഒരു പുതിയ വർത്തമാനശൈലി.?

ഞാൻ ഇപ്പോ വിശ്വാസത്തിലാ...! അയാൾ മറുപടി പറഞ്ഞു.

കേട്ടപ്പോൾ ഒരു സംശയം.....ഇദ്ദേഹം മാമോദീസ മുങ്ങിയ ക്രിസ്ത്യാനി ആയിരുന്നല്ലോ.. ഇനി പുതിയ വിശ്വാസം വല്ലതും സ്വീകരിച്ചോ?

അപ്പോൾ താങ്കളിപ്പോൾ ഏതു വിശ്വാസത്തിലാ...?

വിശ്വാസം പഴയതുതന്നെ..പക്ഷെ ഞാൻ പുതുതായി സ്നാനപ്പെട്ടു രക്ഷിക്കപ്പെട്ട സഭയിലാണ്.

“പാപമോചനത്തിനുള്ള മാമ്മോദീസാ ഒന്നു മാത്രമേയുള്ളൂ” എന്നാണല്ലോ നമ്മുടെ വിശ്വാസപ്രമാണത്തിലുള്ളത്..?

അതു നിങ്ങളുടെ സഭക്കാർ പറയുന്നതല്ലേ...ഞാനും നേരത്തേ ഇതൊക്കെതന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്., പക്ഷേ ഇപ്പൊഴാണ് എനിക്കു മനസ്സിലായത്...വിശ്വസിച്ച് സ്നാനം ഏറ്റെങ്കിലേ രക്ഷ പ്രാപിക്കൂ എന്ന്..അതുകൊണ്ട് ഞാൻ ഇപ്പൊ വിശ്വസിച്ച് സ്നാനം കൈക്കൊണ്ട് രക്ഷിക്കപ്പെട്ടു.

അതു ശരി..എന്താണ് നീ വിശ്വസിച്ചത്..? ഞാൻ ചോദിച്ചു..

ഞാൻ യേശുവിനെ കർത്താവും ക്രിസ്തുവും ആയി സ്വീകരിച്ചു. അതാണ് എൻെറ വിശ്വാസം.

ഇതു തന്നെയാണെൻെറ വിശ്വാസവും. അപ്പോ ഞാനും രക്ഷിക്കപ്പെട്ടിട്ടില്ലേ...?

ഇല്ല..താങ്കൾ സ്നാനം കൈക്കൊണ്ടിട്ടില്ല....“വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും” എന്നാണ് വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നത്.

ഞാനും സ്നാനം കൈക്കൊണ്ടതാണല്ലോ..?

അതു താങ്കൾ ശിശു ആയിരുന്നപ്പോൾ അല്ലേ.. അന്നു താങ്കൾക്കു വിശ്വാസം ഉണ്ടായിട്ടില്ലല്ലോ സ്നാനം ഏറ്റത്. രക്ഷ പ്രാപിക്കണമെങ്കിൽ വീണ്ടും സ്നാനം ഏൽക്കണം.

താങ്കൾ പറഞ്ഞ വാക്യം മർക്കോസിൻെറ സുവിശേഷം 16:16 അല്ലേ..?

അതെ.. താങ്കൾ അതു ശ്രദ്ധിച്ച് വായിച്ചാൽ മനസ്സിലാകും ഞാൻ പറഞ്ഞപ്രകാരം ചെയ്യെങ്കിൽ മാത്രമേ രക്ഷ പ്രാപിക്കുവാൻ പറ്റുകയുള്ളുവെന്ന്..

പക്ഷേ ഈപറഞ്ഞ വേദഭാഗം ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നത് എന്തുകൊണ്ടാണ്..?

ബ്രായ്ക്കറ്റിലോ..! ഞാൻ ശ്രദ്ധിച്ചില്ല..

9 മുതൽ 20 വരെയുള്ള വാക്യങ്ങൾ നോക്കൂ..

ശരിയാണ്... 9 മുതൽ 20 വരെയുള്ള വാക്യങ്ങൾ ബ്രായ്ക്കറ്റിൽ ആണ് കൊടുത്തിരിക്കുന്നത്..ഞാൻ ഇപ്പോഴാണ് ശ്രദ്ധിക്കുന്നത്.

അത് തന്നെയാ പ്രശ്നം. വേദപുസ്തകം വായിക്കുമ്പോൾ ശ്രദ്ധാപൂർവ്വം വായിക്കണം. മാത്രമല്ല വേദപുസ്തകം വ്യാഖ്യാനിക്കുമ്പോൾ വേദപുസ്തകം എഴുതപ്പെട്ട പശ്ചാത്തലം, ഭാഷ, ഇന്നത്തെ പശ്ചാത്തലം ഇവയെല്ലാം നോക്കണം. കൂടാതെ വേദപുസ്തക രൂപീകരണ ചരിത്രം, വേദപുസ്തകത്തെ സംബന്ധിച്ചുള്ള ചില അടിസ്ഥാന തത്ത്വങ്ങൾ എന്നിവയും മനസ്സിൽ വച്ചുകൊണ്ട് വേണം വിശുദ്ധ വേദപുസ്തകം വ്യാഖ്യാനിക്കുവാൻ.

അതാ..ട്രെയിൻ വന്നു...സഹോദരന്റെ സീറ്റ് ഏത് കമ്പാർട്ട്മെൻറിൽ ആണ്..? എനിക്ക് റിസർവേഷൻ ഉണ്ട്..

“എനിക്കു റിസർവേഷൻ ഇല്ല.” ഞാൻ പറഞ്ഞു.

ഇതുപോലെയാണ് നിങ്ങളുടെ സ്വർഗ്ഗത്തിലോട്ടുള്ള പ്രവേശനവും....റിസർവ്വ് ചെയ്തിട്ടില്ല നിങ്ങൾ.....ഞങ്ങൾ അങ്ങനെയല്ല.....നേരത്തെതന്നെ ബുക്ക് ചെയ്തിരിക്കുകയാണ്..

ഒഹോ.. അതിനും ഒരു വ്യാഖ്യാനമുണ്ടോ..? അങ്ങനെ വ്യാഖാനിക്കാമെങ്കിൽ ഞാൻ ഒരു കാര്യം പറയാം....എനിക്ക് സീസൺ ടിക്കറ്റാണ്...... സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ ക്യൂ നിന്ന് ടിക്കറ്റെടുക്കേണ്ട..എപ്പോൾ വേണമെങ്കിലും പോകാം.

താങ്കൾ മുട്ടാപോക്ക് പറയുകയാണ്...

അതെ ... .നിങ്ങൾ സ്വന്തമിഷ്ടപ്രകാരം ഒരു ടിക്കറ്റിന് ഒരു വ്യാഖ്യാനം കൊടുത്തപ്പോൾ ഞാൻ എന്റെ ഒരു വ്യാഖ്യാനം കൊടുത്തു..ഇതുപോലെ ആവരുത് വേദപുസ്തക വ്യാഖ്യാനം എന്നു പറഞ്ഞെന്നേയുള്ളൂ..

എന്റെ സുഹൃത്തിന്റെ റിസർവേഷൻ സീറ്റിന്റെ അടുത്തുതന്നെ ഞാൻ ഒരു സീറ്റ് തരപ്പെടുത്തി. അദ്ദേഹം ഇനിയും ഈ കാര്യങ്ങളെപ്പറ്റി ചോദിക്കാൻ സാദ്ധ്യത ഉണ്ടെന്ന് ഏതാണ്ട് ഉറപ്പായിരുന്നു എനിക്ക്. അതുകൊണ്ടു സീറ്റ് അടുത്തുതന്നെ വേണമെന്നൊരു ആഗ്രഹം. ഏതായാലും ഉദ്ദേശിച്ചതുപോലെ സീറ്റ് കിട്ടി...മാത്രമല്ല മനസ്സിൽ കരുതിയതുപോലെതന്നെ എന്റെ സുഹൃത്ത് തന്നെ വിഷയം വീണ്ടുമെടുത്തിടുകയും ചെയ്തു. .

സഹോദരൻ പറഞ്ഞല്ലോ..മർക്കോസിന്റെ സുവിശേഷം 9 മുതൽ 20 വരെ ഭാഗങ്ങൾ ബ്രായ്ക്കറ്റിൽ ആണെന്ന്..അതിനുള്ള കാരണം?

ഇദ്ദേഹത്തിന് കാര്യങ്ങൾ അറിയാൻ താൽപര്യമുണ്ട്...ഞാൻ വാചാലനായി...

ഇത്രയും ഭാഗം മർക്കോസ് എഴുതിയതല്ല എന്നതുകൊണ്ടാണ് ബ്രായ്ക്കറ്റിൽ ഇട്ടിരിക്കുന്നത്. ഇതു പിന്നീട് കൂട്ടിചേർത്തതാണ്. ഭാഷയിലും ആഖ്യാനത്തിലും ദൈവശാസ്ത്രത്തിലും മർക്കോസിന്റെ സുവിശേഷത്തിലെ ഇതരഭാഗങ്ങളുമായി നോക്കുമ്പോൾ കുറെയേറെ വ്യത്യസ്തത കാണുവാൻ

സാധിക്കും. ചാൾസ് ഗോർ എന്ന പ്രൊട്ടസ്റ്റൻറ് ദൈവശാസ്ത്രജ്ഞൻെറ അഭിപ്രായം എന്താണെന്ന് താങ്കൾക്ക് അറിയാമോ?

ഇല്ല..ഇതൊന്നും ഞങ്ങളുടെ സഭയിൽ പറഞ്ഞുതന്നിട്ടില്ല..

"We conclude that it is certain that the longer ending (Mark16:9-20) is no part of the gospel."
ഇനിയും ഈ ഭാഗം സുവിശേഷത്തിൻെറ ഭാഗം തന്നെയെന്ന് വാദിച്ചാൽപോലും മുതിർന്ന സ്നാനം മാത്രമേ ആകാവൂ എന്നൊന്നും ഈ ഭാഗത്ത് പറയുന്നില്ല. കാരണം സുവിശേഷകനായ മർക്കോസ് ഇവിടെ പ്രസംഗിക്കുന്നത് സർവ്വ ജാതികളോടുമാണ്. അന്നു ക്രിസ്ത്യാനികൾ വളരെ വിരളമായിരുന്നല്ലോ..ക്രിസ്തുവിൽ അതുവരെ വിശ്വസിച്ചിട്ടില്ലാതിരുന്ന യഹൂദന്മാരോടും മറ്റ് പുറജാതികളോടും ക്രിസ്തുവിൽ വിശ്വസിക്കണമെന്നും സ്നാനം ഏൽക്കണമെന്നുമാണ് സുവിശേഷകൻ ആവശ്യപ്പെടുന്നത്.. ...ഇത് ഇന്നും ചെയ്യുന്ന കാര്യമാണ്. ഒരു ഹൈന്ദവന് ക്രിസ്തുസഭയിൽ അംഗമാകണം എന്നു തോന്നിയാൽ അദ്ദേഹം ക്രിസ്തുവിൽ വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും വേണമെന്ന് സഭ ആവശ്യപ്പെടും. ക്രിസ്തുവിൽ വിശ്വസിക്കാത്തവർക്ക് സ്നാനം ഏൽക്കാൻ കഴിയില്ല എന്നാണതിൻെറ അർത്ഥം. അല്ലാതെ പ്രായപൂർത്തിയായി വിശ്വസിച്ചിട്ടു മാത്രമേ സ്നാനം ഏൽക്കാവൂ എന്നല്ല. ഏതായാലും സ്നാനം ഏറ്റെങ്കിൽ മാത്രമേ ക്രിസ്ത്യാനി ആവുകയുള്ളു എന്നു പറഞ്ഞാൽ സമ്മതിക്കാമല്ലോ .. .. !

തീർച്ചയായും.....സ്നാനം ഏൽക്കാതെ ക്രിസ്ത്യാനി ആവില്ലല്ലോ...

അങ്ങനെ വരുമ്പോഠം മുതിർന്ന സ്നാനം മതിയെന്നു പറയുന്ന നിങ്ങളുടെ സഭയിൽ, കുഞ്ഞുങ്ങളെ ക്രിസ്ത്യാനികളായി കാണുന്നുണ്ടോ? സ്കൂളിലെ രേഖകളിലും മറ്റ് ഔദ്യോഗിക രേഖകളിലും religion/caste എന്നു കാണിക്കേണ്ട സ്ഥലത്ത് എന്താണ് ചേർക്കുന്നത്.."പുറജാതിയെന്നോ" അതോ "വിശ്വാസബോധ്യം വന്നിട്ടില്ല" എന്നോ മറ്റോ ആണോ..! ക്രിസ്ത്യാനി എന്നാണ് കാണിക്കുന്നതെങ്കിൽ, സ്നാനം സ്വീകരിക്കാത്തവനെ "ക്രിസ്ത്യാനി" എന്നു തെറ്റായി വിളിക്കുകയല്ലേ ചെയ്യുന്നത്..?

യേശുക്രിസ്തു മുതിർന്ന സ്നാനമാണല്ലോ കൈക്കൊണ്ടത്..

അപ്പോൾ താങ്കൾ പറഞ്ഞുവരുന്നത് യേശുവിന് വിശ്വാസബോധ്യം വന്നത് 30 വയസ്സ് ആയപ്പോഴാണെന്നാണോ.? താങ്കളുടെ സഭ പഠിപ്പിക്കുന്നത് സ്നാനം ഏൽക്കേണ്ടത് വിശ്വാസബോധ്യം വന്നതിന് ശേഷം മാത്രമാണെന്നാണല്ലോ.. അതുകൊണ്ട് ചോദിച്ചതാണ്. താങ്കളോട് ഒരു കാര്യം ചോദിക്കട്ടെ...യേശുവിനെ സ്നാനപ്പെടുത്തിയത് ആരാണ്?

യോഹന്നാൻ സ്നാപകൻ എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ ... ..

ഇനി താങ്കൾ മത്തായുടെ സുവിശേഷം 3:11 ഒന്നു വായിച്ചേ.. യോഹന്നാൻ സ്നാപകൻ പറഞ്ഞ കാര്യമാണ്...

"ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപ്പിക്കുന്നതേയുള്ളൂ; എൻെറ പിന്നാലെ വരുന്നവനോ എന്നേക്കാഠം ബലവാൻ ആകുന്നു; അവൻെറ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കും."

അപ്പോൾ യേശുക്രിസ്തു സ്നാനം കഴിപ്പിക്കുന്നത് പരിശുദ്ധാത്മാവിനാലും തീയാലുമാണ്. അല്ലാതെ കേവലം ഏതെങ്കിലുമൊരു തോട്ടിലോ ആറ്റിലോ മുക്കിപൊക്കിയല്ല സ്നാനം കഴിപ്പിക്കുന്നത്. വിശുദ്ധ കുർബാന പോലുള്ള കൂദാശകൾ വെറും ബാഹ്യകർമ്മങ്ങൾ മാത്രമാണെന്നും, കർമ്മങ്ങൾക്കല്ല വിശ്വാസത്തിനാണ് പ്രാധാന്യം എന്നും മറ്റും പറയുന്ന നിങ്ങളുടെ വിഭാഗത്തിന് "മുതിർന്ന സ്നാനം" എന്ന ബാഹ്യകർമ്മത്തിന് എന്തിനാണ് അമിതപ്രാധാന്യം കൊടുക്കുന്നതെന്നു എല്ലാവർക്കും അറിയാം. ഇനി താങ്കൾ റോമർ 6:4–5 വാക്യങ്ങൾ ഒന്നു വായിച്ചേ..

“അങ്ങനെ നാം അവൻെറ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടി കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിൻെറ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും അവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.”

അപ്പോൾ സ്നാനം എന്നതുകൊണ്ടു “വെള്ളത്തിൽ മുങ്ങൽ” എന്നല്ല വേദപുസ്തകത്തിൽ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമല്ലേ. ക്രിസ്തുവിൻെറ കഷ്ടാനുഭവത്തിൽ പങ്കാളിത്തം വഹിക്കുക എന്നതാണ് ഇവിടെ സ്നാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. യേശുക്രിസ്തു സെബദിമക്കളായ യാക്കോബിനോടും യോഹന്നാനോടും ചോദിക്കുന്നതുകൂടി കേൾക്കുമ്പോൾ താങ്കൾക്ക് കുറച്ചുകൂടി വ്യക്തമാകും. മർക്കോസ് 10:38 ഒന്ന് വായിച്ചേ.....

“ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏൽപ്പാനും കഴിയുമോ..?”

ഇവിടെ യേശു പറയുന്നത് “ഏറ്റുകഴിഞ്ഞ” സ്നാനത്തെപ്പറ്റിയല്ല, “ഏൽക്കുന്ന” സ്നാനത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഇതിൽനിന്നും ഏറ്റുകൊണ്ടിരിക്കുന്ന, ഇനിയും ഏൽക്കുവാനുള്ള കഷ്ടതയാകുന്ന സ്നാനത്തെക്കുറിച്ചാണ് യേശുക്രിസ്തു പറയുന്നത്. അങ്ങനെ സ്നാനത്തിന് വേദപുസ്തകം നൽകുന്ന വിശാലമായ അർത്ഥം കാണാതെ “തോട്ടിൽ മുങ്ങുന്ന” കർമ്മമായി കാണുന്നത് നിങ്ങളുടെ അജ്ഞത മൂലമാണെന്ന് ഞാൻ പറയും.

അപ്പോൾ സഹോദരൻ പറഞ്ഞുവരുന്നത് വിശ്വാസസ്നാനം തെറ്റാണെന്നാണോ..?

ഒരു അക്രൈസ്തവന് ക്രിസ്തുസഭയിൽ ചേരണമെന്ന് ആഗ്രഹമുണ്ടെങ്കിൽ, അയാൾ ഏത് പ്രായത്തിലായിരുന്നാലും വിശ്വാസസ്നാനം നൽകണം. ക്രിസ്ത്യാനിയായിരിക്കുന്ന ഒരുവനെ ഉപരിവിപ്ലവകരമായ കാര്യങ്ങൾ പറഞ്ഞു ഭയപ്പെടുത്തി “രക്ഷിക്കപ്പെടാൻ” വീണ്ടും ആറ്റിലോ തോട്ടിലോ മുക്കി സ്നാനപ്പെടുത്തുന്നത് തെറ്റാണെന്ന് മാത്രമല്ല, വേദവിപരീതം കൂടിയാണ്..

അതെങ്ങനെ വേദവിപരീതം ആവും..?

പൗലോസ് ശ്ലീഹാ എഫേസ്യർക്ക് എഴുതിയ ലേഖനം 4:4-5 വരെ വായിച്ച് നോക്കൂ....

“നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും....ദൈവവും പിതാവുമായവൻ ഒരുവൻ..”.

ഇപ്പോൾ മനസ്സിലായിക്കാണുമല്ലോ, എങ്ങനെയാണ് നിങ്ങൾ വേദവിപരീതികളാവുന്നതെന്ന്.

മനസ്സിലായി.....ഇത്രയും വിശദമായൊന്നും ഞങ്ങളെ പഠിപ്പിച്ചിട്ടില്ല. പക്ഷേ ഞങ്ങളുടെ സഭയിൽ മുതിർന്ന സ്നാനമാണല്ലോ നടന്ന് വരുന്നത്. അത് തെറ്റല്ലേ..?

നിങ്ങളുടെ സഭയുടെ അതായത് പ്രൊട്ടസ്റ്റൻറ് സഭയുടെ ഉത്ഭവകാലത്ത് ശിശുസ്നാനം തന്നെയായിരുന്നു ഉണ്ടായിരുന്നത്. കത്തോലിക്ക സഭ മാർപ്പാപ്പയ്ക്ക് അപ്രമാദിത്വവരം ഉണ്ടെന്നു വാദിച്ചപ്പോൾ അതിൽ പ്രതിഷേധിച്ച് മാർട്ടിൻ ലൂഥറിൻെറ നേതൃത്വത്തിൽ ഉത്ഭവിച്ച സഭാവിഭാഗമാണ് പിന്നീട് പ്രൊട്ടസ്റ്റൻറ് സഭയായി മാറിയത്. പ്രൊട്ടസ്റ്റൻറ് സഭയുടെ ഉത്ഭവകാലത്ത് അതായത് 16-ാം നൂറ്റാണ്ടിൽ മഹാന്മാരായ ലൂഥർ, വൈക്ലിഫ്, കാൽവിൻ, ജോൺഹസ്സ്, ഇറാസ്സ്മസ്സ് തുടങ്ങിയവർ റോമാസഭയിൽ അതുവരെ നിലവിലിരുന്ന പല വിശ്വാസാചാരങ്ങളോട് എതിർത്ത് ശക്തിയായി വിമർശിച്ച് പലതിനേയും തള്ളികളഞ്ഞപ്പോഴും ശിശുസ്നാനം ഒരു തർക്കവിഷയയം ആക്കാതെ ശിശുസ്നാനം പിന്തുടരുകതന്നെയാണ് ചെയ്തത് . പിന്നീട് 1830 ലാണ് ‘ജോൺ നെൽസൺ ഡാർബി’ എന്നയാളുടെ ‘പ്രായമായി വിശ്വസിച്ച് സ്നാനം ഏൽക്കണം’ എന്ന പുതിയ തിയറി പ്രൊട്ടസ്റ്റൻറ് സഭകളിൽ പ്രചരിച്ചത്. അങ്ങനെ സഭയിലെ നേതാക്കൾ സ്വന്ത ഇഷ്ടപ്രകാരം വേദപുസ്തകം വ്യഖ്യാനിക്കാൻ തുടങ്ങിയപ്പോഴാണ് സഭയിൽ പ്രശ്നങ്ങൾ തലപൊക്കിയത്. ഇത്രയേറെ പ്രൊട്ടസ്റ്റൻറ് സഭകൾ ലോകത്തിൻെറ പല ഭാഗത്തും ഉണ്ടാവാൻ കാരണവും ഇതുതന്നെ..

ഒരു സംശയം..നിങ്ങളുടെ സഭയിൽ ശിശുസ്നാനമാണല്ലോ നടന്നുവരുന്നത്. പക്ഷെ ശിശുസ്നാനമാണ് ആദിമസഭയിൽ ഉണ്ടായിരുന്നതെന്ന് നിങ്ങൾ എങ്ങനെ തെളിയിക്കും.?

അതിന് ധാരാളം ഉദാഹരണങ്ങൾ അപ്പോസ്തോല പ്രവർത്തികളിൽ കാണാമല്ലോ..
10:28,48 – കൊർന്നേല്യൊസും ചാർച്ചക്കാരും സ്നേഹിതരും സ്നാനം ഏറ്റത്,
16:5 – ലുദിയയും കുടുംബവും സ്നാനം ഏറ്റത്, 16 :32,33 – കാരാഗ്രഹപ്രമാണിയും കുടുംബവും തനിക്കുള്ള എല്ലാവരും സ്നാനം ഏറ്റത്, 18:8 – ക്രിസ്പോസ് തൻെറ സകല കുടുംബക്കാരോടുംകൂടെ സ്നാനം ഏറ്റത്.

ഇതിലൊന്നും ശിശുസ്നാനം എന്നൊന്നും പറയുന്നില്ലല്ലോ..?

ശ്രദ്ധിച്ച് വായിച്ച് നോക്കൂ...കുടുംബമായി സ്നാനം ഏൽക്കുമ്പോൾ കുട്ടികളും കാണുമല്ലോ..?

കുട്ടികൾ കാണുമെന്ന് നിങ്ങൾ ഊഹിക്കുന്നതല്ലേ..?

“കുട്ടികൾ ഒഴികെ കുടുംബത്തിൽ എല്ലാവരും സ്നാനം ഏറ്റു” എന്ന് വേദപുസ്തകത്തിൽ ഒരിടത്തും കാണുന്നില്ലല്ലോ..അപ്പോൾ കുടുംബമായി സ്നാനം ഏറ്റു എന്നു പറയുമ്പോൾ വീട്ടിലെ അംഗങ്ങളും വേലക്കാരും എല്ലാം ഉൾപ്പെടും. കാരണം ഗ്രീക്ക് ഭാഷയിൽ വീട് എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്കിൻെറ അർത്ഥപരിധിയിൽ വീട്ടിലെ അംഗങ്ങളും (കുട്ടികൾ ഉൾപ്പടെ) വേലക്കാരും എല്ലാം വരുന്നുണ്ട്. മാത്രമല്ല ശിശുക്കൾക്ക് കൃപയും അനുഗ്രഹവും പ്രാപിക്കുവാൻ വിശ്വാസബോധ്യം വരേണ്ട ആവശ്യമൊന്നുമില്ല എന്നു ശിശുക്കളെ അനുഗ്രഹിക്കുന്നതിലൂടെ യേശു വെളിവാക്കുന്നുണ്ട്. വിശുദ്ധീകരിക്കപ്പെടുവാൻ ശിശുവായിരിക്കുമ്പോഴും കഴിയും എന്നു യിരെമ്യാവ് 1:5 ൽ പറയുന്നുണ്ട്. വേറേയുമുണ്ട് തെളിവുകൾ..ലൂക്കോസ് 1:41 ൽ ശിശുവായിരിക്കുമ്പോഴും യോഹന്നാന് യേശുവിൻെറ സാന്നിദ്ധ്യം അറിയുവാൻ കഴിഞ്ഞുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഗലാത്യർ 1:15 വയിച്ച് നോക്കൂ.“എൻെറ ജനനം മുതൽ എന്നെ വേർതിരിച്ച് തൻെറ കൃപയാൽ എന്നെ വിളിച്ചിരിക്കുന്ന ദൈവം..”.ഈ പറഞ്ഞ വേദഭാഗങ്ങളിൽനിന്നെല്ലാം മനസ്സിലാവുന്നത് ദൈവത്തിൻെറ കൃപ പ്രാപിക്കുവാൻ പ്രായം ഒരു പ്രശ്നമേയല്ല എന്നാണ്.

ശരിയാണ്..ഇപ്പോഴണ് എനിക്ക് കാര്യങ്ങളൊക്കെ മനസ്സിലായത്. ഏതായാലും ഈ യാത്രയിൽ കുറെയേറെ കാര്യങ്ങൾ പഠിക്കാനായല്ലോ....സമയം പൊയതും അറിഞ്ഞില്ല..എറണാകുളം സൗത്ത് സ്റ്റേഷൻ ആയെന്നു തോന്നുന്നു..

അതെയതെ...സമയം പോയതറിഞ്ഞില്ല...പിന്നെ കാണാം..

ട്രെയിനിൽ നിന്നിറങ്ങി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻറ് ലക്ഷ്യമാക്കി നടന്നപ്പോൾ സത്യസുറിയാനി സഭയുടെ വിശ്വാസസത്യങ്ങൾ സഭയ്ക്കുള്ളിൽതന്നെ പഠിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു.......